SET 1

# മാതൃകാചോദ്യപേപ്പർ

# LSS EXAMINATION - FEBRUARY 2016

## Paper II - Part A - പരിസരപഠനം

**ഒറ്റ വാക്കിൽ ഉത്തരം എഴുതുക**

1. ഗ്രാമവികസന പ്രവർത്തനങ്ങൾ ചർച്ച ചെയ്ത് തീരുമാനമെടുക്കുന്ന, ഗ്രാമപഞ്ചായത്തു തല വേദി?

   A ഗ്രാമസഭ　　B ലോകസഭ

   C വില്ലേജ് ആഫീസ്　　D നിയമസഭ

2. താഴെക്കൊടുത്തിരിക്കുന്നവയിൽ ഏതു കൂട്ടമാണ് രാമുവിന്റെ മുത്തശ്ശന്റെ കാലത്തുണ്ടായിരുന്ന വാർത്താവിനിമയ സംവിധാനങ്ങൾ?

   A റേഡിയോ, പത്രം, ഇ-മെയിൽ

   B ടെലിവിഷൻ, പത്രം, ടെലിഫോൺ

   C റേഡിയോ, പത്രം, കമ്പിയില്ലാക്കമ്പി (ടെലഗ്രാം)

   D റേഡിയോ, ഇന്റർനെറ്റ്, മൊബൈൽ ഫോൺ.

3. ഇന്ത്യയുടെ ദേശീയ പൈതൃക മൃഗം

   A ആന　　B കടുവ

   C സിംഹം　　D പുലി

4. താഴെ പറയുന്നവയിൽ നാടൻ കലാരൂപം ഏത്?

   A കഥകളി　　B ഭരതനാട്യം

   C കുമ്മാട്ടി　　D മോഹിനിയാട്ടം

5. താഴെ കൊടുത്തിരിക്കുന്നവയിൽ ഗ്രൂപ്പിൽ പെടാത്തതേത്?

   A പൊൻമാൻ　　B പ്രാവ്

   C കഴുകൻ　　D പരുന്ത്

6. നിർത്തിയിട്ട വാഹനങ്ങൾ മുമ്പോട്ടു പോകുന്നതിനുള്ള ട്രാഫിക് സിഗ്നലിന്റെ നിറം.

   A മഞ്ഞ　　B ചുവപ്പ്

   C പച്ച　　D നീല

7. താഴെപ്പറയുന്ന കടങ്കഥയ്ക്കുത്തരമേത്?

   "ഞാൻ പെറ്റ കാലം
   മീൻ പെറ്റ പോലെ
   വാലറ്റകാലം
   ഞാൻ പെറ്റപോലെ"

   A മീൻ　　B തവള

   C പാമ്പ്　　D കൊതുക്

8. ഇന്ത്യയുടേതല്ലാത്ത കൃത്രിമ ഉപഗ്രഹമേത്?

A ആര്യഭട്ട    B അപ്പോളോ

C എഡ്യൂസാറ്റ്    D ഭാസ്കര

9. അനുഷ്ഠാന കലകളിൽപെടാത്തത് ഏത്?

A മുടിയേറ്റ്    B സർപ്പം പാട്ട്

C തെയ്യം    D കാക്കാരശ്ശി നാടകം

10. കേരളവുമായി അതിർത്തി പങ്കിടുന്ന സംസ്ഥാനമേത്?

A ആന്ധ്രാപ്രദേശ്    B കർണാടക

C ഗുജറാത്ത്    D ഗോവ

**വിശദമായി ഉത്തരം എഴുതുക.**

1. ചിത്രത്തിൽ കാണുന്നതുപോലെ ഒരു കുപ്പി ഗ്ലാസിൽ നിറയെ വെള്ളമെടുക്കുക. കട്ടിയുള്ള പേപ്പർ കൊണ്ട് മൂടുന്നു. ഗ്ലാസ് തലകീഴായ് കമഴ്ത്തിയ ശേഷം താങ്ങി നിറുത്തിയ കൈ മാറ്റിയാലും വെള്ളം താഴേയ്ക്ക് പോകുന്നില്ല.



a) എന്തുകൊണ്ട്? (score 2)

b) ഗ്ലാസ്സിലെ വെള്ളം താഴേയ്ക്കു വീഴാനുള്ള ഏതെങ്കിലും മൂന്ന് മാർഗ്ഗങ്ങൾ എഴുതുക.

(score 3)

2. ആതിര നിരീക്ഷിച്ച രണ്ടു സസ്യങ്ങളുടെ സവിശേഷതകൾ താഴെ കൊടുത്തിരിക്കുന്നു. പരമാവധി സവിശേഷതകൾ പട്ടികപ്പെടുത്തിയ സസ്യങ്ങൾ ഏതെന്നു കണ്ടെത്തുക.

വാഴ, തെങ്ങ്, ആൽ, മുള, വെണ്ട, ചെമ്പരത്തി

നാരുവേരു പടലം, ജാലികാ സിരാവിന്യാസം, തായ്‌വേരു പടലം, ദ്വി ബീജപത്രം, ശാഖകളോടു കൂടിയ വൃക്ഷം, ഏകബീജപത്രം, ഒറ്റത്തടി വൃക്ഷം, സമാന്തരസിരാവിന്യാസം. (score 5)

# ഉത്തരസൂചിക

**ഒറ്റവാക്കിൽ ഉത്തരം എഴുതേണ്ടവ.**

1. ഗ്രാമസഭ
2. റേഡിയോ, പത്രം, ടെലഗ്രാം
3. ആന
4. കുമ്മാട്ടി
5. പ്രാവ്
6. പച്ച
7. തവള
8. അപ്പോളോ
9. കാക്കാരശ്ശി നാടകം
10. കർണാടകം

**വിശദമായി ഉത്തരം എഴുതുക.**

1. a) പുറത്തുള്ള വായു പേപ്പറിന്മേൽ മർദ്ദം (ബലം) പ്രയോഗിക്കുന്നു. (score 2)

b) a) ഗ്ലാസ് അല്പം ചരിക്കുക. (score 3)

b) പേപ്പർ ചെറുതായി വലിക്കുക.

c) ഗ്ലാസ് ഇളക്കുക

d) മുകൾഭാഗത്തുനിന്ന് പേപ്പറിലേക്ക് ശക്തമായി ഊതുക.

2. സസ്യങ്ങളുടെ പേരുകൾ കണ്ടെത്തുന്നു - (score 1)

4 സവിശേഷതകൾ കണ്ടെത്തിയാൽ - (score 4)

3 സവിശേഷതകൾ കണ്ടെത്തിയാൽ - (score 3)

2 സവിശേഷതകൾ കണ്ടെത്തിയാൽ - (score 2)

1 സവിശേഷതകൾ കണ്ടെത്തിയാൽ - (score 1)

| **തെങ്ങ്** | **ആൽ** |
|---|---|
| നാരുവേരുപടലം | തായ്‌വേരു പടലം |
| സമാന്തര സിരാവിന്യാസം | ജാലികാ സിരാ വിന്യാസം |
| ഒറ്റത്തടി വൃക്ഷം | ശാഖകളോടുകൂടിയ വൃക്ഷം |
| ഏകബീജ പത്രം | ദ്വിബീജ പത്രം |

# മാതൃകാചോദ്യപേപ്പർ SET 2

# LSS EXAMINATION - FEBRUARY 2016

## Paper II - Part A - പരിസരപഠനം

**ഒറ്റ വാക്കിൽ ഉത്തരം എഴുതുക.** (1Score X 10 = 10)

1. ഒരു ജീവിക്ക് അതിന്റെ വാസസ്ഥലത്തിന് അനുസരിച്ച് ജീവിക്കുവാനുള്ള സവിശേഷതയാണ്.

   A ആവാസ വ്യവസ്ഥ B പരസ്പരാശ്രയത്വം

   C അനുകൂലനം D പരസ്പര ബന്ധം

2. 'തപ്പ്' പ്രധാന വാദ്യമായുള്ള കലാരൂപം?

   A ഓട്ടൻതുള്ളൻ B പടയണി

   C കുമ്മാട്ടി D ചാക്യാർകൂത്ത്

3. താഴെകൊടുത്തിരിക്കുന്നവയിൽ 2016 വർഷവുമായി ബന്ധപ്പെട്ട പരിപാടി ഏതാണ്?

   A ജൈവ വൈവിധ്യവർഷം B പയറുവിളവർഷം

   C മണ്ണുവർഷം D പ്രകാശവർഷം

4. ദേശീയ പതാകയ്ക്ക് രൂപം നൽകിയ ആൾ.

   A പിംഗളീ വെങ്കയ്യ B രവീന്ദ്രനാഥ ടാഗോർ

   C ബങ്കിം ചന്ദ്ര ചാറ്റർജി D ഭിക്കാജികാമ

5. മൊയീൻ കുട്ടി വൈദ്യർ ഏതു കലാരൂപവുമായി ബന്ധപ്പെട്ടിരിക്കുന്നു.

   A കോൽക്കളി B മാപ്പിളപ്പാട്ട്

   C മാർഗം കളി D നാടൻപാട്ട്

6. കായിക ദിനമായി ആചരിക്കുന്നത്

   A ജനുവരി 30 B ഒക്ടോബർ 15

   C ഡിസംബർ 27 D ആഗസ്റ്റ് 29

7. 

   നക്ഷത്രക്കൂട്ടത്തിന്റെ വിന്യാസമാണ് മുകളിൽ കാണുന്നത്. ഇത് ഏത് നക്ഷത്രക്കൂട്ടത്തിന്റെയാണ്?

   A സ്കോർപ്പിയസ് B ഓറിയോൺ

   C സപ്തർഷി D കാസിയോപ്പിയ

8. കാക്കകളില്ലാത്ത നാട്

   A ലക്ഷദ്വീപ് B പുതുച്ചേരി

   C പനാജി D ശ്രീലങ്ക

9. കോർപ്പറേഷൻ ഭരണത്തലവൻ

A ചെയർമാൻ　　B മേയർ

C പ്രസിഡന്റ്　　D കൺവീനർ

10. വാഴകൃഷിയുടെ ഇൻഷ്വറൻസ് തുക ലഭിക്കുവാൻ ദിവാകരൻ ചേട്ടൻ ഏതു സ്ഥാപനത്തെയാണ് സമീപിക്കേണ്ടത്?

A ഇൻഷ്വറൻസ് ഓഫീസ്　　B വില്ലേജാഫീസ്

C പഞ്ചായത്ത് ആഫീസ്　　D കൃഷിഭവൻ

**വിശദമായി ഉത്തരം എഴുതുക.**

1. മധ്യവേനലവധിയായി. മാതാപിതാക്കളോടൊപ്പം വിനോദയാത്രയ്ക്കുപോയ അനൂപ് രാമേശ്വരം ബംഗളൂരു, ഗോവ, പോർബന്തർ, സുവർണക്ഷേത്രം എന്നിങ്ങനെ ഇന്ത്യയിലെ പ്രധാനപ്പെട്ട സ്ഥലങ്ങൾ സന്ദർശിച്ചു. അവിടെയുള്ള ആളുകൾ സംസാരിച്ചത് ഒന്നും അവന് മനസ്സിലായില്ല. എന്തു ഭാഷയാണപ്പാ! അവൻ ആശ്ചര്യപ്പെട്ടു. ഇങ്ങനെ എത്രയെത്ര ഭാഷകൾ നമ്മുടെ ഇന്ത്യയിലുണ്ട്. ഓരോ സംസ്ഥാനക്കാരും പറയുന്ന ഭാഷകൾ ഏതെന്ന് അച്ഛൻ അനൂപിന് പറഞ്ഞു കൊടുത്തു. അവർ പോയ സംസ്ഥാനങ്ങളും അവയുടെ തലസ്ഥാനങ്ങളും അവിടെയുള്ളവർ സംസാരിക്കുന്ന ഭാഷയും ബന്ധിപ്പിച്ചെഴുതുക. (Score 5)

2.a) ആവണാംകുഴി പഞ്ചായത്തിലെ ഗവ.എൽ.പി. സ്കൂളിനു സമീപം വർഷങ്ങളായി കൃഷി ചെയ്യാതെ കിടക്കുന്ന തരിശുപാടം നികത്തി ഷോപ്പിംഗ് മാൾ നിർമ്മിക്കുവാൻ സ്ഥലം ഉടമ പഞ്ചായത്തിൽ നിന്ന് അനുവാദം വാങ്ങി. പാടം നികത്താൻ വന്ന ആളുകളെ സ്കൂളിലെ രാജേഷ് സാറും കുട്ടികളും ചേർന്ന് തടഞ്ഞു. വയൽ നികത്തുന്നതുമൂലം പല പ്രശ്നങ്ങളും ആ പ്രദേശത്തു സംജാതമാകുമെന്ന വാദഗതികൾ ഉന്നയിച്ചുകൊണ്ടായിരുന്നു തടയൽ. അവർ ഉന്നയിച്ച ഏതെങ്കിലും 4 വാദഗതികൾ എഴുതുക. (Score 4)

b) പ്രകൃതിയെ ദോഷകരമായി ബാധിക്കുന്ന മറ്റേതെങ്കിലും രണ്ടു പ്രശ്നങ്ങൾ എഴുതുക.(Score 1)

# ഉത്തരസൂചിക

**ഒറ്റവാക്കിൽ ഉത്തരം എഴുതുക.**

1. c) അനുകൂലനം
2. b) പടയണി
3. b) പയറുവിള വർഷം
4. a) പിംഗളി വെങ്കയ്യ
5. b) മാപ്പിളപ്പാട്ട്
6. c) ആഗസ്റ്റ് 29
7. c) സപ്തർഷി
8. a) ലക്ഷദ്വീപ്
9. b) മേയർ
10. d) കൃഷിഭവൻ

**വിശദമായി ഉത്തരം എഴുതുക.**

1. രാമേശ്വരം - തമിഴ്നാട് - ചെന്നൈ - തമിഴ്

ബംഗളൂരു - കർണാടക - ബംഗളൂരു - കന്നട

ഗോവ - ഗോവ - പനാജി - കൊങ്ങിണി

പോർബന്തർ - ഗുജറാത്ത് - അഹമ്മദബാദ് - ഗുജറാത്തി

സുവർണക്ഷേത്രം - പഞ്ചാബ് - ചണ്ഡീഗഡ് - പഞ്ചാബി

ആകെ 5 സ്കോർ (ഓരോന്നിനും ഒരു സ്കോർ വീതം)

2. a)
- സമീപത്തുള്ള കിണറുകളിലെ വെള്ളം വറ്റുന്നു.
- കൃഷിഭൂമി കുറയുന്നു.
- വയൽ ജീവികളുടെ നാശം
- ഭക്ഷ്യോൽപ്പാദനം കുറയുന്നു. (Score 4)

അനുയോജ്യമായ മറ്റുത്തരങ്ങളും ആകാം. ഏതെങ്കിലും 4 എണ്ണം എഴുതിയാൽ - 4 സ്കോർ.

b)
- കുന്നിടിക്കൽ
- മണൽവാരൽ
- വനനശീകരണം

# മാതൃകാചോദ്യപേപ്പർ

**SET 3**

# LSS EXAMINATION - FEBRUARY 2016

## Paper II - Part A - പരിസരപഠനം

**ഒറ്റ വാക്കിൽ ഉത്തരം എഴുതുക.** (1 score x 10 = 10)

1. ഇ.വി. രാമസ്വാമി നായ്ക്കർ കേരളത്തിലെ ഏതു സ്വാതന്ത്ര്യസമരവുമായി ബന്ധപ്പെട്ടിരിക്കുന്നു?

   A ഗുരുവായൂർ സത്യഗ്രഹം B വൈക്കം സത്യഗ്രഹം

   C ഉപ്പു സത്യഗ്രഹം D വാഗൺ ട്രാജഡി

2. വിനോദസഞ്ചാരത്തിനായി തട്ടേക്കാട് പക്ഷി സങ്കേതത്തിലെത്തിയ വില്യം കേരളത്തിലെ മറ്റൊരു പക്ഷിസങ്കേതത്തെക്കുറിച്ചറിയുന്നു. ഏതാണത്?

   A കുമരകം B തേക്കടി

   C തേന്മല D വയനാട്

3. താഴെപ്പറയുന്നവയിൽ കിഴക്കോട്ടൊഴുകുന്ന നദി.

   A പമ്പ B നിള

   C പാമ്പാർ D പെരിയാർ

4. പ്രാദേശിക ഭാഷകളായി ഭരണഘടന അംഗീകരിച്ചിരിക്കുന്ന ഭാഷകളുടെ എണ്ണം

   A 16 B 23

   C 15 D 22

5. ഞാനാര്?

   "ആടി ആടി നിന്നതും ഞാൻ

   അഴകനെ പെറ്റതും ഞാൻ

   അഴകനിതാ അറയിലും മുറിയിലും

   ഞാനിതാ ചേറ്റിലും ചെളിയിലും"

   A മഞ്ഞൾ B നെല്ല്

   C ചേന D കുരുമുളക്

6. സംസ്ഥാന മത്സ്യം

   A ഡോൾഫിൻ B കൊഞ്ച്

   C ഗംഗാഡോൾഫിൻ D കരിമീൻ

7. മുളക്കുന്ന വിത്തിന്റെ ഏതു ഭാഗമാണ് കാണ്ഡമായി മാറുന്നത്?

   A ബീജപത്രങ്ങൾ B ബീജമൂലം

   C ബീജ ശീർഷം D ബീജ കവചം

8. കറുത്തവാവിനനുയോജ്യമായ പ്രസ്താവന ഏത്?

   A ചന്ദ്രനെ കാണുന്നു B ചന്ദ്രനെ കാണുന്നില്ല

C ഭൂമി ചന്ദ്രനും സൂര്യനുമിടയിൽ D ഇതൊന്നുമല്ല

9. തപാൽ സ്റ്റാമ്പിൽ പ്രത്യക്ഷപ്പെട്ട ആദ്യമലയാളി?

A വി. അൽഫോൻസാമ്മ B വി. ചാവറയച്ചൻ

C ചട്ടമ്പി സ്വാമി D ശ്രീനാരായണ ഗുരു

10. കോട്ടയത്തിന്റെ അയൽജില്ലകളാണ് താഴെ ചിത്രീകരിച്ചിരിക്കുന്നത്. വിട്ടുപോയ കോളം പൂരിപ്പിക്കുക.

| | | | | |
|---|---|---|---|---|
| | | വടക്ക് | | |
| | | എറണാകുളം | | |
| പടിഞ്ഞാറ് | ആലപ്പുഴ | കോട്ടയം | ഇടുക്കി | കിഴക്ക് |
| | | ? | | |
| | | തെക്ക് | | |

A പത്തനംതിട്ട B തൃശൂർ

C പാലക്കാട് D മലപ്പുറം

**വിശദമായി ഉത്തരം എഴുതുക**

1. ഹർഷ തന്റെ പരിസരപുസ്തകത്തിൽ എഴുതിയ ഒരു നിരീക്ഷണ കുറിപ്പാണിത്. എണ്ണമയമുള്ള തൂവൽ, വെള്ളത്തിൽ നിന്നും ചെളിയിൽ നിന്നും ഇരപിടിക്കാൻ കഴിയുന്ന കൊക്കുകൾ, ചർമ്മബന്ധിതമായ വിരലുകൾ എന്നിങ്ങനെ.

a) നിരീക്ഷണ കുറിപ്പിലെ പക്ഷി ഏത്? (score 1)

b) അണ്ണാൻ, പരുന്ത് എന്നീ ജീവികളുടെ അനുകൂലനങ്ങൾ എഴുതുക. (score 4)

2. റിപ്പബ്ലിക് ദിനത്തിൽ ധീരതയ്ക്കുള്ള അവാർഡുവാങ്ങാൻ അബു അവന്റെ ബാപ്പയുമായി ഡൽഹിയിലെത്തി. തദവസരത്തിൽ വിവിധ സംസ്ഥാനങ്ങളുടെ തനതുകലാരൂപങ്ങൾ കാണുവാനും സാധിച്ചു. മോഹിനിയാട്ടം, ഭരതനാട്യം, കുച്ചുപ്പുടി, ബംഗാല നൃത്തം, കഥക് എന്നിവ കണ്ടു. ഇവ ഓരോന്നും ഏതു സംസ്ഥാനങ്ങളുടെ തനതു കലാരൂപമെന്ന് കണ്ടെത്തിയെഴുതുക. (score 5)

# ഉത്തരസൂചിക

**ഒറ്റവാക്കിൽ ഉത്തരം എഴുതേണ്ടവ.** (1 score x 10 = 10)

1. b) വൈക്കം സത്യഗ്രഹം
2. a) കുമരകം
3. c) പാമ്പാർ
4. d) 22
5. b) നെല്ല്
6. d) കരിമീൻ
7. c) ബീജശീർഷം
8. b) ചന്ദ്രനെ കാണുന്നില്ല
9. d) ശ്രീനാരായണ ഗുരു
10. a) പത്തനംതിട്ട

1. a) താറാവ് (score 1)

   b) അനുകൂലനങ്ങൾ

   അണ്ണാൻ * മൂർച്ചയേറിയ നഖങ്ങൾ മരങ്ങളിൽ പിടിച്ചുകയറാൻ സഹായിക്കുന്നു.

   * ശത്രു ജീവികൾക്ക് പെട്ടെന്ന് തിരിച്ചറിയാൻ കഴിയാത്ത നിറം. (score 2)

   പരുന്ത് * വളഞ്ഞ് മൂർച്ചയുള്ള കൊക്കുകൾ

   * ഇരയെ കോർത്തു പിടിക്കുന്നതിന് കൂർത്തു വളഞ്ഞ് മൂർച്ചയേറിയ നഖങ്ങൾ

   (score 2)

2. മോഹിനിയാട്ടം - കേരളം

   ഭരതനാട്യം - തമിഴ്നാട്

   കുച്ചുപ്പുടി - തെലുങ്കാന

   ബംഗാലനൃത്തം - മിസ്സോറാം

   കഥക് - ഉത്തർപ്രദേശ് (score 5)

**SET 1**

# മാതൃകാചോദ്യപേപ്പർ

# LSS EXAMINATION - FEBRUARY 2016

## Paper II - Part B -Mathematics

1. 49 എന്നത് റോമൻ അക്കത്തിൽ എഴുതിയാൽ

A XXXIX  B LI

C IXXXXX  D IL

2. 22:15 ന് എറണാകുളത്തുനിന്ന് പുറപ്പെട്ട ഒരു കെ.എസ്.ആർ.ടി.സി. സൂപ്പർ ഫാസ്റ്റ് ബസ് തൃശ്ശൂരെത്തിച്ചേർന്നത് 3:10 ന് ആണ്. യാത്രക്കെടുത്ത സമയം എത്ര?

A 19 മണിക്കൂർ 5 മിനിറ്റ്  B 4 മണിക്കൂർ 55 മിനിറ്റ്

C 25 മണിക്കൂർ 25 മിനിറ്റ്  D 4 മണിക്കൂർ 35 മിനിറ്റ്

3. 25 നെ 12 കൊണ്ട് ഗുണിക്കാൻ 25 നെ 10 കൊണ്ട് ഗുണിച്ചതിനോട് എത്ര കൂട്ടണം?

A 25  B 12

C 50  D 37

4. 5 ടൺ 15 ക്വിന്റൽ 25 കിലോഗ്രാം എത്ര കിലോഗ്രാമാണ്?

A 2025 കിലോഗ്രാം  B 45 കിലോഗ്രാം

C 5175 കിലോഗ്രാം  D 6525 കിലോഗ്രാം

5. ചോദ്യചിഹ്നത്തിന്റെ സ്ഥാനത്തു വരേണ്ട സംഖ്യയേതെന്ന് കണ്ടെത്തുക.




A 16  B 48  C 20  D 18

6. 6 സെ.മീ. വശമുള്ള ഒരു ചതുരത്തിന്റെ അതേ ചുറ്റളവുള്ള ഒരു സമചതുരത്തിന് 5 സെ.മീ. വശമുണ്ട്. ചതുരത്തിന്റെ വീതി എത്ര സെ.മീറ്റർ?

A 4  B 5  C 6  D 11

7. 25 നെ 9 കൊണ്ട് ഗുണിച്ചപ്പോൾ കിട്ടിയ സംഖ്യയുടെ ഇരട്ടിയാണ് മറ്റൊരു സംഖ്യയെ 9 കൊണ്ട് ഗുണിച്ചപ്പോൾ കിട്ടിയത്. എങ്കിൽ സംഖ്യയേത്?

A 34  B 52

C 16  D 50

8. 212 = 5

323 = 8

434= 11

545= 14

.............

.............

.............

989 = ?

A 26 B 18

C 25 D 21

9. താഴെ കൊടുത്തിരിക്കുന്നതിൽ അധിവർഷമല്ലാത്തത് ഏത്?

A 2000 B 1892

C 2034 D 1984

10. കൂട്ടത്തിൽ പെടാത്തത് ഏത്?

A B C D



**വിശദമായി ഉത്തരം എഴുതുക.**

1. ചിറ്റാരിക്കടവ് ഗ്രാമത്തിൽ ഓണാഘോഷത്തോടനുബന്ധിച്ച് നവോദയ ക്ലബിന്റെ നേതൃത്വത്തിൽ 3 ദിവസം സമൂഹസദ്യ നടത്തി. അതിലേയ്ക്കുപയോഗിച്ച അരിയുടെയും പച്ചക്കറിയുടെയും അളവുകളാണ് ചുവടെ തന്നിരിക്കുന്നത്.

| | **ഒന്നാം ദിവസം** | **രണ്ടാം ദിവസം** | **മൂന്നാം ദിവസം** |
|---|---|---|---|
| അരി | 125 kg | 130 kg | 142 kg |
| പച്ചക്കറി | 64 kg | 66 kg | 70 kg |

a) 1 കി.ഗ്രാം അരിയ്ക്ക് 32 രൂപയാണ് ആകെ എത്ര രൂപയുടെ അരിയാണ് ഉപയോഗിച്ചത്?

(സ്കോർ 1)

b) ക്ലബ് പിരിച്ചെടുത്ത തുക 52850 രൂപയാണ്. പച്ചക്കറിക്ക് 24586 രൂപയും അരിയും പച്ചക്കറിയും ഒഴികെ മറ്റിനങ്ങൾക്കെല്ലാം കൂടി 9750 രൂപയും ചെലവായി. ആകെ ചെലവെത്ര? ബാക്കി എത്ര?

(സ്കോർ 2)

c) ബാക്കിയുള്ള തുക 2 കുട്ടികളുടെ വിദ്യാഭ്യാസ ആവശ്യത്തിലേയ്ക്കായി തുല്യമായി വീതിച്ച് നൽകി. ഒരു കുട്ടിയ്ക്ക് എത്ര രൂപ ലഭിച്ചു? (സ്കോർ 1)

d) സദ്യയ്ക്ക് ആവശ്യമായി വന്ന ആകെ പച്ചക്കറിയുടെ അളവെത്ര? (സ്കോർ 1)

2. നവദീപം ക്ലബിന്റെ നേതൃത്വത്തിൽ മെഡിക്കൽ ക്യാമ്പ് നടത്തുന്നതിനായി കൂപ്പൺ പിരിവ് നടത്തി. 25 രൂപയുടെ 52 കൂപ്പണും 50 രൂപയുടെ 22 കൂപ്പണും 100 രൂപയുടെ 34 കൂപ്പണുമാണ് വിറ്റഴിഞ്ഞത്. ക്യാമ്പിൽ 37 പേരാണ് പേര് രജിസ്റ്റർ ചെയ്തത്. ഒരാൾക്ക് 25 രൂപയാണ് രജിസ്ട്രേഷൻ ഫീസ്. 10,700 രൂപയാണ് ആകെ ചെലവായത്. ആകെ വരവ് എത്ര? ബാക്കി തുക ക്ലബിലെ 5 അംഗങ്ങൾ തുല്യമായി വീതിച്ചു നൽകി എങ്കിൽ ഓരോരുത്തരും എത്ര രൂപ വീതം നൽകണം?

(സ്കോർ 5)

# ഉത്തരസൂചിക

1. D
2. B
3. C
4. D
5. B
6. A
7. D
8. A
9. C
10. B

**വിശദമായി ഉത്തരം എഴുതുക.**

1. അരിയുടെ വില - $397 \times 32 = 12704$ രൂപ (സ്കോർ 1)

| | | |
|---|---|---|
| ആകെ ചെലവ് - അരി - | | 12704 |
| | പച്ചക്കറി - | 24586 |
| | മറ്റിനം - | 9750 |
| | | 47040 രൂപ |
| | ബാക്കി - | 52850 − |
| | | 47040 |
| | | 5810 രൂപ (സ്കോർ 2) |

ഒരു കുട്ടിക്ക് = $5810 \div 2 = 2905$ രൂപ (സ്കോർ 1)

ആകെ പച്ചക്കറി = $64 + 66 + 70 = 200$ kg (സ്കോർ 1)

2. രജിസ്ട്രേഷൻ ഫീസിനത്തിൽ ലഭിച്ച തുക എത്ര?

$37 \times 25 = 925$ രൂപ (സ്കോർ 1)

കൂപ്പണുകൾ വിറ്റ ഇനത്തിൽ ലഭിച്ച തുക

| | | |
|---|---|---|
| $50 \times 22$ | = | 1100 |
| $100 \times 34$ | = | 3400 |
| $25 \times 52$ | = | 1300 |
| ആകെ | = | 5800 |

ആകെ വരവ് 925 + 5800 =6725 രൂപ (സ്കോർ 2)

ബാക്കി തുക = 10700 – 6725 = 3975 രൂപ (സ്കോർ 1)

ഓരോ അംഗങ്ങളും വീതിച്ചെടുക്കേണ്ട തുക = 3975 ÷ 5

= 795 രൂപ (സ്കോർ 1)

# MODEL QUESTION PAPER SET 2

## LSS EXAMINATION - FEBRUARY 2016

### Paper 2 - Part B - Mathematics

**ഒറ്റവാക്കിൽ ഉത്തരം എഴുതുക** (1 score x 10 = 10)

1. IC എന്ന റോമൻ അക്കത്തിന് തുല്യമായ സംഖ്യ ഏത്?

   A 101 B 99 C 109 D 90

2. 11: 05 pm ന് കോട്ടയത്തുനിന്ന് പുറപ്പെട്ട ബസ് 8 മണിക്കൂർ 15 മിനിറ്റ് കൊണ്ട് കോഴിക്കോട്ടെത്തി. എത്തിച്ചേർന്ന സമയം ഏത്?

   A 19:20 B 8:15 am C 7:20 am D 7:20 pm

3. മിനിയുടെ കൈയിൽ 24 സെന്റീമീറ്റർ നീളമുള്ള ഒരു നൂൽക്കമ്പിയുണ്ട്. അതുപയോഗിച്ച് അവൾ വിവിധ അളവുകളിലുള്ള ചതുരങ്ങൾ നിർമ്മിക്കുകയാണ്. താഴെ തന്നിരിക്കുന്നതിൽ ഏത് അളവുകളിലുള്ള ചതുരമാണ് അവൾക്ക് നിർമ്മിക്കാൻ കഴിയാത്തത്.

   A നീളം 9 സെ.മീ. വീതി 5 സെ.മീ B നീളം 10 സെ.മീ. വീതി 2 സെ.മീ

   C നീളം 7 സെ.മീ. വീതി 5 സെ.മീ D നീളം 8 സെ.മീ. വീതി 4 സെ.മീ

4. ഗണിതപരീക്ഷയിൽ 4-ാം ക്ലാസിലെ കുട്ടികൾക്ക് കിട്ടിയ ഗ്രേഡിനെ സൂചിപ്പിക്കുന്ന ചാർട്ടാണ് ചുവടെ തന്നിരിക്കുന്നത്.




   **തന്നിരിക്കുന്നതിൽ ശരിയല്ലാത്ത പ്രസ്താവന ഏത്?**

A A ഗ്രേഡ് നേടിയ കുട്ടികളുടെ എണ്ണവും C ഗ്രേഡ് നേടിയ കുട്ടികളുടെ എണ്ണവും തുല്യമാണ്.

B D ഗ്രേഡ് നേടിയ കുട്ടികളുടെ എണ്ണത്തിന്റെ ഇരട്ടിയാണ് A ഗ്രേഡ് നേടിയ കുട്ടികളുടെ എണ്ണം.

C ക്ലാസിലെ ആകെ കുട്ടികളുടെ എണ്ണം 40 ആണ്.

D A ഗ്രേഡും C ഗ്രേഡും നേടിയ കുട്ടികളുടെ ആകെ എണ്ണവും B ഗ്രേഡ് നേടിയ കുട്ടികളുടെ എണ്ണവും തുല്യമാണ്.

5. 2016 ജൂൺ 10 വെള്ളിയാഴ്ചയായാൽ 2016 ജൂലൈ 10 ഏത് ദിവസമാണ്?

   A വെള്ളി B ചൊവ്വ

   C ഞായർ D ബുധൻ

6. 371960 മുതൽ തുടർച്ചയായ നമ്പറുള്ള 100 രൂപാ നോട്ടുകളാണ് എന്റെ കൈവശം ഉള്ളത്. ആകെ 1000 രൂപ ഉണ്ടെങ്കിൽ അവസാനത്തെ നോട്ടിന്റെ നമ്പർ എത്ര?

A 371959 B 371969

C 361970 D 372060

7. 3x2x1 ഇതിലെ എല്ലാ സംഖ്യകളും ഇരട്ടിയാക്കിയാൽ ഉത്തരം എത്ര മടങ്ങാകും?

A 8 B 6

C 2 D 7

8. 123 456 79 x 09 = 111 111 111

123 456 79 x 18 = 222 222 222

123 456 79 x 27 = 333 333 333

ഒൻപതാമത്തെ വരി പൂർത്തിയാക്കുക

A 123 456 789 x 81 = 999 999 999

B 123 456 79 x 90 = 999 999 999

C 123 456 79 x 81 = 999 999 999

D 123 456 789 x 89 = 999 999 999

9. എന്റെ കൈയിൽ 100 രൂപയുടെ 50 നോട്ടും 1000 രൂപയുടെ 10 നോട്ടും ഉണ്ടായിരുന്നു. ബാങ്കിൽ കൊടുത്ത് എല്ലാം 500 രൂപയുടെ നോട്ടാക്കി മാറ്റിയെടുത്തു. എങ്കിൽ എത്ര 500 രൂപ നോട്ടുകൾ കാണും?

A 300 B 15

C 150 D 30

10. 9 മുട്ട കൊടുത്താൽ 2 തേങ്ങ കിട്ടും. 22 തേങ്ങ കിട്ടാൻ എത്ര മുട്ട കൊടുക്കണം?

A 29 B 99

C 90 D 44

**വിശദമായി ഉത്തരം എഴുതുക.**

1. കുഞ്ഞിമംഗലം സ്കൂളിൽ ഒരു സ്റ്റോറുണ്ട്. അവിടെ നവംബർ മാസം നടന്ന വില്പനയുടെ വിവരങ്ങളാണ് താഴെ കൊടുത്തിരിക്കുന്നത്. ഒന്നാമത്തെ ആഴ്ച 7518 രൂപയുടെ വിറ്റു വരവുണ്ടായി. രണ്ടാമത്തെ ആഴ്ച ആദ്യത്തെ ആഴ്ചയെക്കാൾ 899 രൂപ കുറവായിരുന്നു കച്ചവടം. മൂന്നാമത്തെ ആഴ്ച തലേ ആഴ്ചയെക്കാൾ 1546 രൂപ കൂടുതൽ കച്ചവടം ഉണ്ടായി. 4-ാ മത്തെ ആഴ്ചയിലെ വിറ്റുവരവ് ആദ്യ ആഴ്ചയിലേതിന്റെ പകുതിയായിരുന്നു. എങ്കിൽ

a) ഓരോ ആഴ്ചയിലെയും വിറ്റുവരവ് എത്ര? (സ്കോർ 1)

b) നവംബർ മാസത്തെ ആകെ വിറ്റുവരവ് എത്ര? (സ്കോർ 1)

c) ഓരോ ആഴ്ചയിലെയും വിറ്റുവരവ് ക്രമത്തിൽ എഴുതുക. (സ്കോർ 1)

d) ആദ്യ ആഴ്ചയിലെ വിറ്റുവരവ് ബാങ്കിൽ നിക്ഷേപിക്കാൻ സ്ലിപ്പ് പൂരിപ്പിക്കാമോ? (സ്കോർ 2)

| നോട്ടുകൾ | എണ്ണം | തുക |
|---|---|---|
| 1000 | 1 | ....... |
| 500 | ........ | 4000 |
| 50 | ........ | 2500 |
| 2 | ........ | 18 |

2. പച്ചക്കറി കൃഷി ചെയ്യുന്നതിനായി രാമുവിന് കൃഷി വകുപ്പിൽ നിന്നും 6750 രൂപ ലഭിച്ചു. JCB ഉപയോഗിച്ച് പറമ്പിലെ മണ്ണ് ഇളക്കി. മണിക്കൂറിന് 950 രൂപയാണ് JCB യുടെ വാടക. രാവിലെ 8.30 മുതൽ 11:30 വരെയും ഉച്ചകഴിഞ്ഞ് 2:30 മുതൽ 4: 30 വരെയും JCB ഉപയോഗിച്ചു. കൂടാതെ തടം എടുക്കുന്നതിന് 2 പേർ 2 ദിവസവും ഒരാൾ ഒരു ദിവസവും ജോലി ചെയ്തു. ഒരാൾക്ക് 650 രൂപയാണ് കൂലി എങ്കിൽ കൃഷി വകുപ്പിൽ നിന്നും ലഭിച്ച തുക തികയുമോ? ഇല്ല എങ്കിൽ എത്ര രൂപ കൂടി രാമു കരുതണം.

# ഉത്തരസൂചിക

**ഒറ്റവാക്കിൽ ഉത്തരം എഴുതുക.**

1. B
2. C
3. A
4. D
5. C
6. B
7. A
8. C
9. D
10. B

**വിശദമായി ഉത്തരം എഴുതുക.**

1.a) രണ്ടാം ആഴ്ച - 7518 - 899 = 6619 രൂപ

മൂന്നാം ആഴ്ച - 6619 + 1546 =8165 രൂപ

നാലാം ആഴ്ച - 7518 ÷ 2 = 3759 രൂപ (സ്കോർ 1)

b) ആകെ - 26061 രൂപ (സ്കോർ 1)

c) 3759, 6619, 7518, 8165 (സ്കോർ 1)

d)

| **നോട്ടുകൾ** | **എണ്ണം** | **തുക** |
|---|---|---|
| 1000 | 1 | 1000 |
| 500 | 8 | 4000 |
| 50 | 50 | 2500 |
| 2 | 9 | 18 |

(സ്കോർ 2)

2. i) JCB എത്ര മണിക്കൂറാണ് പ്രവർത്തിച്ചത്. (സ്കോർ 1)

8:30 മുതൽ 11: 30 വരെ 3 മണിക്കൂർ

2:30 മുതൽ 4:30 വരെ - 2 മണിക്കൂർ.

ആകെ 5 മണിക്കൂർ = 4750 രൂപ

ii) JCB യ്ക്ക് ആകെ എത്ര രൂപ വാടകയിനത്തിൽ നൽകണം. (സ്കോർ 1)

$5 \times 950 = 4750$ രൂപ

iii) തടമെടുത്തതിന് ആകെ എത്ര രൂപ ചെലവായി? (സ്കോർ 1)

5 ആളുകൾ $\times$ 650 രൂപ = 3250 രൂപ

iv) ആകെ എത്ര രൂപ ചെലവാക്കി (സ്കോർ 1)

$4750 + 3250 = 8000$/-

v) കൃഷി ഭവനിൽ നിന്നും ലഭിച്ച തുക തികയുമോ? ഇല്ല എങ്കിൽ എത്ര രൂപ അധികമായി കണ്ടെത്തണം. (സ്കോർ 1)

കൃഷിഭവനിൽ നിന്നു ലഭിച്ചത് - 6750 രൂപ

അധികമായി കണ്ടെത്തേണ്ടത് - $8000 - 6750 = 1250$/-

# മാതൃകാചോദ്യപേപ്പർ SET 3

# LSS EXAMINATION - FEBRUARY 2016

## Paper II - Part B - Mathematics

**ഒറ്റവാക്കിൽ ഉത്തരം എഴുതുക.** (1 score x 10 = 10)

1. 150 എന്നത് റോമൻ അക്കത്തിൽ എഴുതിയാൽ

   A CXXXXX B LLL

   C CL D LC

2. കാസർഗോഡു നിന്നും പുറപ്പെട്ട പരശുറാം എക്സ്പ്രസ് 10 മണിക്കൂർ 30 മിനിട്ട് യാത്ര ചെയ്ത് 11.00 പി.എം.ന് ആലപ്പുഴയിൽ എത്തിച്ചേർന്നു. എങ്കിൽ പുറപ്പെട്ട സമയം എത്ര?

   A 10:30 am B 12:30 am

   C 10:30 pm D 12:30 pm

3. ഗണിത മാഗസിനിൽ ചേർക്കുന്നതിനായി മീനു തയ്യാറാക്കിയ പാറ്റേൺ താഴെ തന്നിരിക്കുന്നു. അടുത്ത സംഖ്യ ഏതായിരിക്കും?

   3841, 4752, 5663, 6574, .........

   A 7674 B 7483

   C 7685 D 7485

4. ചിത്രത്തിൽ എത്ര ത്രികോണങ്ങളുണ്ട്?



   A 22 B 11

   C 20 D 18

5. ഗണിത ക്ലബിലേക്ക് മീനു തയ്യാറാക്കിയ സംഖ്യാ വ്യാഖ്യാനകാർഡാണ് ചുവടെ നൽകിയിരിക്കുന്നത്. സ്നേഹ ഇതിൽ ഒരു തെറ്റ് കണ്ടെത്തി. ആ തെറ്റ് നിങ്ങൾക്ക് കണ്ടെത്താമോ?



A 25438 ഒന്നുകൾ
B 254 നൂറ് 3 പത്ത് 8 ഒന്ന്
C 25 ആയിരം 438 പത്ത്
D 20 ആയിരം 54 നൂറ് 38 ഒന്ന്

6. ☐☐▨ ÷ 4 = ☐ 1 ശിഷ്ടം - 3

ഒരു മൂന്നക്ക സംഖ്യയെ 4 കൊണ്ട് ഹരിച്ചപ്പോൾ കിട്ടിയ ഹരണഫലവും ശിഷ്ടവും തന്നിരിക്കുന്നു. ഷേഡ് ചെയ്ത കളത്തിലെ സംഖ്യ ഏതെന്ന് കണ്ടെത്തുക?

A 7 B 8 C 4 D 5

7. ഹരിയുടെ വീട്ടിൽ 1/4 ലിറ്റർ പാൽ വീതം എല്ലാ ദിവസവും വാങ്ങും. ഡിസംബർ മാസത്തിൽ 5 ദിവസം പാൽ വാങ്ങിയില്ല. എന്നാൽ ആ മാസം വാങ്ങിയ പാലിന്റെ ആകെ അളവ് എത്ര?

A 13 ലിറ്റർ
B $6^1/_4$ ലിറ്റർ
C $6^1/_2$ ലിറ്റർ
D $5^1/_4$ ലിറ്റർ

8. ഒരു ക്ലോക്കിലെ സമയം കണ്ണാടിയിൽ കണ്ടപ്പോൾ ഇങ്ങനെയായിരുന്നു.



എങ്കിൽ യഥാർത്ഥ സമയം എത്ര?

A 9: 35
B 3:25
C 2:25
D 10:35

9. മണക്കാട് ഗവ. എൽ.പി. സ്കൂളിൽ വെള്ളപ്പൊക്ക ദുരിതാശ്വാസ ക്യാമ്പ് പ്രവർത്തിക്കുന്നതിനാൽ ജൂലൈ 25-ാം തീയതി മുതൽ ഒരാഴ്ചയും 4 ദിവസവും അവധി ആയിരുന്നു. എങ്കിൽ സ്കൂൾ തുറക്കുന്നത് എന്ന്?

A ആഗസ്റ്റ് 3
B ആഗസ്റ്റ് 6
C ആഗസ്റ്റ് 5
D ആഗസ്റ്റ് 4

10. ചിത്രത്തിൽ ഷെയ്ഡ് ചെയ്തിരിക്കുന്ന രൂപം സമചതുരത്തിന്റെ എത്ര ഭാഗമാണ്?



A $^1/_4$ B $^3/_{16}$ C $^3/_4$ D $^1/_3$

**വിശദമായി ഉത്തരം എഴുതുക.**

1. 8 കി.മീറ്റർ നീളമുള്ള ഒരു തോടിന്റെ ഇരുവശവും കല്ല് ഉപയോഗിച്ചു കെട്ടുകയാണ്. ഇതിന്റെ ഒരു വശത്തെ 2 കിലോമീറ്റർ 60 മീറ്ററും മറുവശത്തെ 4 കിലോമീറ്റർ 650 മീറ്ററും കെട്ടിക്കഴിഞ്ഞു. ഇനി ഇരുവശങ്ങളിലും കെട്ടാൻ ബാക്കിയുള്ള ഭാഗത്തിന്റെ നീളമെത്ര? 5 പുരുഷന്മാരും 3 സ്ത്രീകളു മാണ് ഇവിടെ ജോലി ചെയ്യുന്നത്. പുരുഷന്മാരുടെ ഒരു ദിവസത്തെ കൂലി 850 രൂപയും സ്ത്രീക ളുടേത് 750 രൂപയുമാണ്. എങ്കിൽ ഒരു ദിവസം കൂലിയിനത്തിൽ ആകെ എത്ര രൂപ ചെലവാകും? (5 സ്കോർ)

2. 2016 -ലെ എൽ.എസ്.എസ്. പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട് നടക്കാവ് പഞ്ചായത്തിൽ 2 കേന്ദ്രങ്ങളാണുള്ളത്.

a) ഒന്നാമത്തെ കേന്ദ്രത്തിലെ ഇരുപതാമത്തെ കുട്ടിയുടെ നമ്പർ 10324 ആണ്. എങ്കിൽ ഒന്നാമ ത്തെയും മുപ്പത്തിരണ്ടാമത്തെയും കുട്ടികളുടെ നമ്പർ എത്ര? (സ്കോർ 1)

b) രണ്ടാമത്തെ കേന്ദ്രത്തിൽ, നവീൻ മുന്നിൽ നിന്ന് 16-ാമതും പിന്നിൽ നിന്ന് 23-ാമതുമാണ് ഇരു ന്നത്. നവീന്റെ നമ്പർ 10428 ആണ്. എങ്കിൽ ആദ്യത്തെയും അവസാനത്തെയും കുട്ടികളുടെ നമ്പർ ഏതൊക്കെയാണ്? (സ്കോർ 1)

c) പരപ്പനങ്ങാടി സബ്ജില്ലയിൽ 8 കേന്ദ്രങ്ങളിലായി 272 കുട്ടികളാണ് പരീക്ഷയെഴുതുന്നത്. എല്ലാ കേന്ദ്രങ്ങളിലെയും കുട്ടികളുടെ എണ്ണം തുല്യമാണെങ്കിൽ ഒരു കേന്ദ്രത്തിൽ പരീക്ഷയെഴുതുന്ന കുട്ടികളുടെ എണ്ണം എത്ര? (സ്കോർ 1)

d) ഈ പദ്ധതിയ്ക്കായി ഒരു കുട്ടിയ്ക്ക് 95 രൂപാ വീതം അനുവദിച്ചിട്ടുണ്ട്. എങ്കിൽ പരപ്പനങ്ങാടി സബ്ജില്ലയിൽ ആകെ എത്ര രൂപ ചെലവാക്കാം? (സ്കോർ 1)

# ഉത്തരസൂചിക

**ഒറ്റവാക്കിൽ ഉത്തരം എഴുതുക.**

1. C
2. D
3. D
4. A
5. C
6. A
7. C
8. C
9. C
10. B

**വിശദമായി ഉത്തരം എഴുതുക.**

1. ആകെ 8 കിലോമീറ്റർ

| | | |
|---|---|---|
| ഒരു വശത്തെ ബാക്കി നീളം | = 8 കി.മീ - 2 കി. മീ. 60 മീ. | |
| | = 5 കിലോമീറ്റർ 940 മീറ്റർ | (സ്കോർ 1) |
| മറുവശത്തെ ബാക്കി നീളം | = 8 കി.മീ - 4 കി.മീ. 650 മീ. | |
| | = 3 കിലോമീറ്റർ 350 മീറ്റർ | (സ്കോർ 1) |
| 5 പുരുഷന്മാരുടെ കൂലി | = $5 \times 850 = 4250$ രൂപ | (സ്കോർ 1) |
| 3 സ്ത്രീകളുടെ കൂലി | = $3 \times 750 = 2250$ രൂപ | (സ്കോർ 1) |
| ഒരു ദിവസത്തെ ആകെ കൂലി | = $4250 + 2250 = 6500$ രൂപ | (സ്കോർ 1) |

(ആകെ സ്കോർ 5)

2.a) ഒന്നാമത്തെ കുട്ടിയുടെ നമ്പർ - 10305

32-ാമത്തെ കുട്ടിയുടെ നമ്പർ - 10336 (സ്കോർ 1)

b) ഒന്നാമത്തെ കുട്ടിയുടെ നമ്പർ - 10413

അവസാനത്തെ കുട്ടിയുടെ നമ്പർ - 10450 (സ്കോർ 1)

ആകെ കുട്ടികളുടെ എണ്ണം - 38 (സ്കോർ 1)

c) ഒരു കേന്ദ്രത്തിൽ പരീക്ഷ എഴുതുന്ന കുട്ടികളുടെ എണ്ണം $272 \div 8 = 34$ (സ്കോർ 1)

d) കുട്ടികളുടെ എണ്ണം = 272

ഒരാൾക്ക് അനുവദിച്ച തുക = $272 \times 95 = 25840$ (സ്കോർ 1)

## മാതൃകാചോദ്യപേപ്പർ

SET 1

# LSS EXAMINATION - FEBRUARY 2016

## Paper 1 - Part A - Malayalam

**ഒറ്റ വാക്കിൽ ഉത്തരം എഴുതുക.**

1. മലയാളത്തിൽ ആദ്യമായി ജ്ഞാനപീഠം അവാർഡ് നേടിയ കവി ആര്?

2. 'കൊണ്ടൽ' എന്ന പദത്തിന്റെ അർത്ഥം എന്താണ്?

3. 2015 ലെ കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ് നേടിയ കൃതി ഏത്?

4. പിരിച്ചെഴുതുക - 'ചെമ്പട്ട്'

5. മഹാകാവ്യം എഴുതാതെ മഹാകവിയായ മലയാള കവി ആര്?

6. ഒറ്റപദം ഏത്? വിജയത്തെ ഘോഷിക്കുന്ന യാത്ര

   A ഘോഷയാത്ര　　B ജയയാത്ര

   C യാത്രാഘോഷം　　D ജൈത്രയാത്ര

7. താഴെ പറയുന്നവയിൽ കൂട്ടത്തിൽ പെടാത്തതേത്?

   A വർഷം　　B ദൃഷ്ടി

   C മാരി　　D വൃഷ്ടി

8. ചാക്യാർകൂത്തിൽ ഉപയോഗിക്കുന്ന വാദ്യ ഉപകരണം ഏത്?

   A വയലിൻ　　B ഹാർമോണിയം

   C മിഴാവ്　　D ചെണ്ട

9. 'ഉരുളയ്ക്കുപ്പേരി' എന്ന ശൈലിയുടെ അർത്ഥം തെരഞ്ഞെടുത്ത് എഴുതുക.

   A തർക്കുത്തരം പറയുക.　　B അസംബന്ധം പറയുക.

   C തക്ക മറുപടി പറയുക　　D ഊണിനൊപ്പം ഉപ്പേരി

10. ശരിയായ പദം തെരഞ്ഞെടുത്ത് എഴുതുക.

   A അഗാധം　　B അഗാദം

   C അകാധം　　D അഗാഥം

**വിശദമായി ഉത്തരം എഴുതേണ്ടവ.**

1. **ഈ കവിത വായിക്കുക.**

അമ്മ

മാസങ്ങൾ പത്തു ചുമന്നു നിന്നെ
നൊന്തു പ്രസവിച്ചതമ്മയല്ലേ
ഉണ്ണിവയറു വിശന്നിടുമ്പോൾ
'അമ്മിഞ്ഞ' യേകുന്നതമ്മയല്ലേ
പിച്ചനടന്നു പിടിച്ചുവീണാൽ
കൊച്ചുകാലമ്മ തിരുമ്മുകില്ലേ
ചെമ്മണ്ണു പൂണ്ട കവിൾത്തടത്തിൽ
ഉമ്മതരുന്നതുമമ്മയല്ലേ?
മണ്ണും ചെളിയും പുരണ്ടു ചെന്നാൽ
തിണ്ണം കുളിപ്പിതമ്മയല്ലേ
കണ്ണിലുറക്കം കയറിടുമ്പോൾ
പാടിയുറക്കുന്നതമ്മയല്ലേ
സ്നേഹത്തിനെന്നുമിരിപ്പിടമാം
അമ്മകാണപ്പെടും ദൈവമല്ലേ?
പൊന്മകനേ! നിന്റെ നന്മയൊന്നേ
അമ്മതൻ ജീവിതലക്ഷ്യമോർക്ക,
അമ്മ പറഞ്ഞാലനുസരിക്ക
നന്മവരും നിനക്കില്ല തർക്കം

(ബാലകവിതകൾ) - ശ്രീപാദം ഈശ്വരൻ നമ്പൂതിരി

a) കവിത നൽകുന്ന സന്ദേശം എന്താണ്? (1 സ്കോർ)

b) അമ്മയുടെ ജീവിതലക്ഷ്യം എന്താണെന്നാണ് കവി പറയുന്നത്? (1 സ്കോർ)

c) 'അമ്മ' എന്ന കവിതയ്ക്ക് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക. (3 സ്കോർ)

2. **ആത്മകഥ തയ്യാറാക്കാം.**

എറണാകുളം ജില്ലയിലെ ശാലീന സുന്ദരമായ ഒരു ഗ്രാമമാണ് കുറുമശ്ശേരി ഗ്രാമം. നെൽപ്പാടങ്ങളും കുളങ്ങളും അമ്പലങ്ങളും ദേവാലയങ്ങളും ഒക്കെയായി ഗ്രാമവിശുദ്ധിയുള്ള പ്രദേശമാണത്രേ ഇത്. കേരളത്തിലെ പേരുകേട്ട നാലമ്പലങ്ങളിൽ ഒന്നായ 'തിരുമൂഴിക്കുളം ലക്ഷ്മണസ്വാമി ക്ഷേത്രം' ഈ ഗ്രാമത്തിലാണ്. ഈ അമ്പലത്തിലെ ഉത്സവം ബഹുകേമമായിട്ടാണ് കൊണ്ടാടുന്നത്. ഈ വർഷത്തെ ഉത്സവത്തിൽ ചെണ്ടയും, കൊമ്പും, ഇലത്താളവും, ഇടക്കയും

ചേങ്ങിലയും ഒക്കെ മേളക്കൊഴുപ്പിനായി എത്തി. മേളാരവങ്ങൾ ഒക്കെ കഴിഞ്ഞ് വിശ്രമിച്ച ചെണ്ടയും ചേങ്ങിലയും തങ്ങളുടെ പൂർവ്വകാല സ്മരണകൾ അയവിറക്കി ചെണ്ട തന്റെ ആത്മകഥ ചേങ്ങിലയോട് വിവരിച്ചു. എന്താവും ചെണ്ട പറഞ്ഞിട്ടുണ്ടാവുക. എഴുതി നോക്കാം.

a) പഞ്ചവാദ്യത്തിലുൾപ്പെട്ടതും 64 ചെണ്ടുകൾ തൂക്കിയിട്ടിരിക്കുന്നതുമായ ഒരു വാദ്യോപകരണത്തിന്റെ പേരെഴുതുക. (1 സ്കോർ)

b) വടക്കൻ മലബാറിൽ പ്രചാരത്തിലുള്ള ഒരു അനുഷ്ഠാന കല ഏത്? (1 സ്കോർ)

c) ചെണ്ടയുടെ ആത്മകഥ തയ്യാറാക്കുക. (3 സ്കോർ)

# ഉത്തരസൂചിക

**ഒറ്റവാക്കിൽ ഉത്തരം എഴുതേണ്ട ചോദ്യങ്ങൾ**

1. ജി. ശങ്കരക്കുറുപ്പ്
2. മേഘം
3. ആരാച്ചാർ
4. ചെം+പട്ട്
5. കുമാരനാശാൻ
6. ജൈത്രയാത്ര
7. ദൃഷ്ടി
8. മിഴാവ്
9. തക്കമറുപടി പറയുക
10. അഗാധം

**വിശദമായി ഉത്തരം എഴുതുക.**

**സൂചകങ്ങൾ**

1.
   - നാം നമ്മുടെ അമ്മയെ സ്നേഹിക്കണം, ബഹുമാനിക്കണം.
   - മകന്റെ നന്മയാണ് അമ്മയുടെ ജീവിത ലക്ഷ്യം.
   - ആസ്വാദനക്കുറിപ്പ്

     - കവിതയുടെ ആശയം തിരിച്ചറിഞ്ഞിട്ടുണ്ട്

     - കവിതയിലെ പ്രയോഗങ്ങൾ, സൗന്ദര്യാംശങ്ങൾ എന്നിവ വിശകലനം ചെയ്തിട്ടുണ്ട്.

     - ആത്മാംശം കലർന്നുള്ള ഭാഷ.

2. a) ഇടക്ക b) തെയ്യം / കൃഷ്ണനാട്ടം

   c)
   - ആത്മാംശം കലർന്ന ഭാഷ പ്രയോഗിച്ചിട്ടുണ്ട്.
   - ഭാഷാപരമായ മികവ് പുലർത്തിയിട്ടുണ്ട്.
   - ആശയ വ്യക്തതയോടെ എഴുതിയിട്ടുണ്ട്.

# മാതൃകാചോദ്യപേപ്പർ SET 2

# LSS EXAMINATION - FEBRUARY 2016

## Paper 1 - Part A - Malayalam

(10 x 1 സ്കോർ = 10)

1. 'രണ്ടുനാലുദിനം കൊണ്ടൊരുത്തനെ

   തണ്ടിലേറ്റി നടത്തുന്നതും ഭവാൻ'

   ഈ വരികൾ ആരുടേതാണ്?

   A കുമാരനാശാൻ  B പൂന്താനം

   C വള്ളത്തോൾ  D ഉള്ളൂർ

2. അർത്ഥം എഴുതുക.

   ചാതുര്യം

   A ചതുരം  B കള്ളം

   C മിടുക്ക്  D മാധുര്യം

3. "കഥയറിയാതെ ആട്ടം കാണുക" - പഴഞ്ചൊല്ല് വിശദമാക്കുക.

   A കഥകളി കാണുക  B കാര്യം അറിയാതെ വീക്ഷിക്കുക

   C കാരണമില്ലാതെ വിഷമിക്കുക  D ചിന്തിച്ച് പ്രവർത്തിക്കുക

4. "കേളികൊട്ട്" - ഏതു കലയുമായി ബന്ധപ്പെട്ടിരിക്കുന്നു?

   A ഓട്ടം തുള്ളൽ  B തെയ്യം

   C തിരുവാതിര  D കഥകളി

5. കൂട്ടത്തിൽ പെടാത്തത് ഏത്?

   A ശംഖ്  B ചെണ്ട

   C കൊമ്പ്  D ഇലത്താളം

6. 'ചെഞ്ചുണ്ട്' - പിരിച്ചെഴുതുക.

   A ചെം + ഞ്ചുണ്ട്  B ചെൻ+ ചുണ്ട്

   C ചെം+ചുണ്ട്  D ചെം+ച്ചുണ്ട്

7. ഉചിതമായ ചിഹ്നം ചേർത്തെഴുതുക.

ഓകേമം തന്നെ നിന്റെയീ തുമ്പിക്കൈ

A ! B ;

C ? D ം

8. ശരിയായ പദമേത്?

A അഥിതി B വിദ്യാർത്ഥി

C ഉദ്ഘാടനം D ഖടികാരം

9. "ഒന്നുമുങ്ങി ദത്തെടുത്തു

ഒന്നുകൊണ്ട് മൂന്നാക്കി

മൂന്നിലൊന്നു തിന്നുപോയി" - കടങ്കഥയ്ക്ക് ഉത്തരം കണ്ടെത്തുക.

A കക്ക B വള്ളം

C മീൻ D ഞണ്ട്

10. സമാനാർത്ഥം എഴുതുക.

'വൃക്ഷം'

A തടി B പക്ഷം

C ശാഖി D വർഷം

**വിശദമായി ഉത്തരം എഴുതുക.**

1. **ഗ്രാമഭംഗി**

മലരണിക്കാടുകൾ തിങ്ങി വിങ്ങി
മരതകക്കാന്തിയിൽ മുങ്ങി മുങ്ങി
കരളും മിഴിയും കവർന്നു മിന്നി
കറയറ്റൊരാലസൽ ഗ്രാമഭംഗി
പുളകം പോൽ കുന്നിൻ പുറത്തു വീണ
പുതുമൂടൽ മഞ്ഞല പുൽകിനീക്കി
പുലരൊളി മാമല ശ്രേണികൾ
തൻ പുറകിലായ് വന്നു നിന്നെത്തിനോക്കി

ഇടയന്റെ പാട്ടിലലിഞ്ഞൊഴുകും

തടിനിയും താമരപ്പൊയ്കകളും

ഒരു കൊച്ചു കാറ്റെങ്ങാൻ വന്നു പോയാൽ

തുരുതുരെ പൂമഴയായ് പിന്നെ

എവിടെത്തിരിഞ്ഞൊന്നു നോക്കിയാലും

അവിടെല്ലാം പൂത്ത മരങ്ങൾ മാത്രം

**(രമണൻ)** **ചങ്ങമ്പുഴ**

a) കവിതയിലെ ഒരു പദമാണ് 'പൂമഴ' ഇതു പോലെയുള്ള മറ്റു രണ്ടുവാക്കുകൾ എഴുതുക.

(1 സ്കോർ)

b) 'തടിനി' എന്ന പദത്തിന്റെ അർത്ഥം എന്താണ്? (1 സ്കോർ)

c) കവിതയുടെ വർണന തയ്യാറാക്കുക. (3 സ്കോർ)

2.a) **താഴെ കൊടുത്തിരിക്കുന്ന സൂചനകളിൽ നിന്നും ജീവചരിത്രക്കുറിപ്പ് തയ്യാറാക്കുക.**(3 സ്കോർ)

**കലാമണ്ഡലം ഗോപി**



- കഥകളി ജനപ്രിയമാക്കി
- ഗോപിയാശാൻ
- ജനനം 1937 പാലക്കാട് ചാലിശ്ശേരി
- നളൻ, കർണൻ, രുഗ്മാംഗദൻ തുടങ്ങി 'പച്ചവേഷങ്ങൾ
- തൃശ്ശൂർ മുണ്ടൂർ കുടുംബസമേതം താമസം
- സംഗീത നാടക അക്കാദമി അവാർഡ് പത്മശ്രീ അവാർഡുകൾ
- 1957-ൽ കലാമണ്ഡലത്തിൽ അധ്യാപകൻ
- 1992-ൽ വിരമിച്ചു.

b) കഥകളിയിലെ സ്ത്രീവേഷം? (1 സ്കോർ)

c) കേരള കലാമണ്ഡലം സ്ഥിതിചെയ്യുന്നത് എവിടെ? (1 സ്കോർ)

# ഉത്തരസൂചിക

1. പൂന്താനം
2. മിടുക്ക്
3. കാര്യമറിയാതെ വീക്ഷിക്കുക
4. കഥകളി
5. ശംഖ്
6. ചെം+ചുണ്ട്
7. ഓ! കേമം തന്നെ നിന്റെയീ തുമ്പിക്കൈ
8. ഉദ്ഘാടനം
9. കക്ക
10. ശാഖി

**വിശദമായി ഉത്തരം എഴുതുക.**

1.a) പൂനിലാവ്, പൂമാനം

b) നദി

c)
- വർണനാംശം വ്യക്തമാകുന്ന രീതിയിൽ ആലങ്കാരിക ഭാഷ ഉപയോഗിച്ചിട്ടുണ്ട്. (1 സ്കോർ)
- കാഴ്ചകൾ നേരിൽക്കാണുന്ന പ്രതീതിയുളവാക്കുന്ന രീതിയിൽ രചനകൾ രചിച്ചിട്ടുണ്ട്. (1 സ്കോർ)
- ആശയതുടർച്ചയോടെ തെറ്റുകൂടാതെ എഴുതിയിട്ടുണ്ട്. (1 സ്കോർ)

2. a)
- സൂചനകളിൽ നിന്ന് വാക്യങ്ങൾ രൂപീകരിച്ചിട്ടുണ്ട്. (1 സ്കോർ)
- ആശയവ്യക്തതയോടെ എഴുതിയിട്ടുണ്ട്. (1 സ്കോർ)
- ആശയ തുടർച്ച പാലിച്ച്, തെറ്റുകൂടാതെ എഴുതിയിട്ടുണ്ട്. (1 സ്കോർ)

b) മിനുക്ക്

c) ചെറുതുരുത്തി

# മാതൃകാചോദ്യപേപ്പർ SET 3

# LSS EXAMINATION - FEBRUARY 2016

## Paper 1 - Part A - Malayalam

**ഒറ്റവാക്കിൽ ഉത്തരം എഴുതുക.** (10 X 1 സ്കോർ = 10)

1. തുള്ളൽ പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവ് ആര്?

   A കുഞ്ചൻനമ്പ്യാർ  B എഴുത്തച്ഛൻ

   C വള്ളത്തോൾ  D ഉള്ളൂർ

2. മാഴ്കുക എന്ന പദത്തിന്റെ അർത്ഥം എന്താണ്?

   A സന്തോഷിക്കുക  B ദുഃഖിക്കുക

   C സംസാരിക്കുക  D ശ്രദ്ധിക്കുക

3. 'സ്വർണ+ത്തളിക' - പിരിച്ചെഴുതുക.

   A സ്വർണം + തളിക  B സ്വർണ്ണം + തളിക

   C സ്വർണ്ണ + തളിക  D സ്വർണ + തളിക

4. പച്ചയ്ക്കൊരു കെട്ട്

   ചുട്ടാലൊരു കൊട്ട. എന്ന കടങ്കഥയുടെ ഉത്തരം കണ്ടെത്തി എഴുതുക?

   A ഉപ്പേരി  B ദോശ

   C ഉപ്പുമാവ്  D പപ്പടം

5. കച്ചകെട്ടുക എന്ന ശൈലിയുടെ അർത്ഥം എന്താണ്?

   A തയാറാകുക  B ഉടുത്തൊരുങ്ങുക

   C യാത്ര പോവുക  D ഉറങ്ങുക

6. കൂട്ടത്തിൽ പെടാത്തത് ഏത്?

   A പറവ  B ഖഗം

   C വിഹഗം  D പക്ഷം

7. ശരിയായ പദമേത്?

   A വിജ്ഞാനം  B വിഞ്ജ്ജാനം

   C വിജ്ജാനം  D വിഞ്ഞാനം

8. വള്ളത്തോൾ രചിച്ച മഹാകാവ്യം ഏത്?

   A മഗ്ദലന മറിയം  B കൊച്ചുസീത

   C ചിത്രയോഗം  C ബധിരവിലാപം

9. 'ഓട്ട പ്രദക്ഷിണം' നടത്തുക എന്ന ശൈലി കൊണ്ട് അർത്ഥമാക്കുന്നത് എന്ത്?

   A വേഗത്തിൽ ചുറ്റി നടന്നു  B ഓടി പ്രദക്ഷിണം നടത്തി

   C തിടുക്കത്തിൽ കാര്യം നടത്തി  D ഓടി ഓടി കാര്യം നടത്തി

10. 'ഉപ്പ്' എന്ന കവിത ആരുടേതാണ്?

A ഒ.എൻ.വി. കുറുപ്പ് B വൈലോപ്പള്ളി

C ഉള്ളൂർ D വള്ളത്തോൾ

**വിശദമായി ഉത്തരം എഴുതുക.**

I. **തെങ്ങിന്റെ പ്രതിഷേധം**

തെങ്ങിനെ ഭൂമിയിലെ കല്പവൃക്ഷമെന്നു പറയുന്നു. ദേവന്മാർക്ക് ആവശ്യമുള്ളതൊക്കെ നൽകുന്ന സ്വർഗ്ഗത്തിലെ കല്പവൃക്ഷത്തെ ഓർത്താണ് ഇങ്ങനെ പറയുന്നത്. മനുഷ്യന് ഉപയോഗമില്ലാത്ത തായി തെങ്ങിൽ ഒന്നും തന്നെയില്ല. അതിനാൽ തെങ്ങിനെ കല്പവൃക്ഷമെന്നു വിളിക്കുന്നത് അർത്ഥവത്തുതന്നെ. ആവശ്യമുള്ളതൊക്കെ തെങ്ങു തരുമെങ്കിലും തേങ്ങാ പിരിക്കണമെങ്കിൽ തെങ്ങിൽ കയറണം. ഒറ്റത്തടിയായി വളരെ പൊക്കത്തിൽ വളരുന്ന തെങ്ങിൽ കയറുക പ്രയാസം തന്നെ. പ്രത്യേക പരിശീലനം നേടിയവർക്കേ അതു സാധിക്കൂ. ആദ്യകാലത്ത് തെങ്ങിൽ കയ റേണ്ട ആവശ്യം ഇല്ലായിരുന്നത്രേ. തേങ്ങയോ കരിക്കോ ആവശ്യമുള്ള ഉടമസ്ഥൻ തെങ്ങിന്റെ ചുവട്ടിൽ ചെന്ന് ആവശ്യപ്പെട്ടാൽ തെങ്ങ് തല ചായ്ച്ചുകൊടുക്കുമായിരുന്നു. ഉടമസ്ഥൻ ആവശ്യ മുള്ളത് പറിച്ചെടുക്കാമായിരുന്നു. ആവശ്യം കഴിഞ്ഞാൽ തെങ്ങു നിവർന്നു നിന്നു കൊള്ളുമായി രുന്നു. തേങ്ങാ പറിക്കാൻ വരുന്നവർ സത്യവും ധർമ്മവും ശുദ്ധവും ഉള്ളവരായിരിക്കണമെന്നേ ഉണ്ടായിരുന്നുള്ളൂ. കാലക്രമത്തിൽ ഉടമസ്ഥരായ മനുഷ്യർ ധർമ്മവും സത്യവും ശുദ്ധബോധവും ഇല്ലാത്തവരായി അങ്ങനെ തെങ്ങ് അവർക്ക് തല കുനിച്ചു കൊടുക്കാൻ തയാറില്ലാത്തവരായി തേങ്ങ പറിക്കണമെങ്കിൽ മരത്തിൽ കയറണമെന്നു വന്നു കൂടുകയും ചെയ്തു.

a) തെങ്ങിനെ ഭൂമിയിലെ കല്പവൃക്ഷമെന്നു പറയാൻ കാരണമെന്ത്? (1 സ്കോർ)

b) 'മനുഷ്യന് ഉപയോഗമില്ലാത്തതായി തെങ്ങിൽ ഒന്നും തന്നെയില്ല" വിവരണം തയ്യാറാക്കുക. (4 സ്കോർ)

2. **നിവേദനം തയ്യാറാക്കുക**

മധ്യവേനൽ അവധിക്ക് പാടത്തും പറമ്പിലും കാണുന്ന നിത്യ കാഴ്ചയാണ് ക്രിക്കറ്റ് കളിക്കുന്ന കുട്ടികൾ. ഇതിനായി അവർ പലപ്പോഴും തെങ്ങിന്റെ മടലുകൊണ്ടുള്ള ബാറ്റ് ആണ് ഉപയോഗിക്കു ന്നത്. നിങ്ങൾ ഇങ്ങനെ കളിക്കാറുണ്ടോ? നിങ്ങളുടെ സ്കൂളിൽ നിങ്ങൾ ഏതെല്ലാം കളികളി ലാണ് ഏർപ്പെടുന്നത്. കളിക്കാൻ ആവശ്യമായ സ്ഥലവും കളി ഉപകരണങ്ങളും ഉണ്ടോ? നിങ്ങൾക്ക് കളിക്കാൻ ആവശ്യമായ കൂടുതൽ കളി ഉപകരണങ്ങൾ സ്കൂളിൽ ലഭ്യമാക്കണമെന്ന് ആവശ്യപ്പെ ട്ടുകൊണ്ട് പഞ്ചായത്ത് പ്രസിഡണ്ടിന് നൽകാൻ നിവേദനം തയ്യാറാക്കുക.

## ഉത്തരസൂചിക

**ഒറ്റവാക്കിൽ ഉത്തരം എഴുതുക.**

1. കുഞ്ചൻ നമ്പ്യാർ
2. ദുഃഖിക്കുക
3. സ്വർണ + തളിക
4. പപ്പടം
5. തയാറാവുക
6. പക്ഷം
7. വിജ്ഞാനം
8. ചിത്രയോഗം
9. തിടുക്കത്തിൽ കാര്യം നടത്തി
10. ഒ.എൻ.വി. കുറുപ്പ്

**വിശദമായി ഉത്തരം എഴുതുക.**

1.a) ദേവന്മാർക്ക് ആവശ്യമുള്ളതൊക്കെ നൽകുന്ന സ്വർഗ്ഗത്തിലെ കല്പവൃക്ഷത്തെ ഓർത്താണ് ഇങ്ങനെ പറയുന്നത്.

b) വിവരണം വിലയിരുത്തുക.

2.
- വിഷയത്തിന്റെ പ്രാധാന്യം വ്യക്തമാക്കിയിട്ടുണ്ട്.
- ഉചിതമായ ഭാഷാപ്രയോഗം
- സംബോധന, തുടക്കം, ഉപസംഹാരം എന്നിവ പാലിക്കാൻ കഴിഞ്ഞിട്ടുണ്ട്.

# MODEL QUESTION PAPER SET 1

## LSS EXAMINATION - FEBRUARY 2016

### Paper 1 - Part B - English

1.a) Answer the riddle given below (1 score)

You can see me in horizon

I have seven colours. I come before or after rain in the sky

Who am I?

**Choose appropriate word from the bracket.**

b) I am Pea-cock. I am the national bird. I dance well when the sky is ....... (1 score)

(snowy, rainy, cloudy, sunny)

c) Write a brief description about a tree. (3 score)

2.a) Make a meaningful word from the given letters. (1 score)

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| E | N | G | T | I | G | L | H | N | A | I |

b) Choose the odd one. (1 score)

(Ostrich, Crane, Parrot, Eagle)

c) Read the following poem and add more lines. (3 score)

I wonder why stars twinkle

And why it is seen in the night

Who taught the stars to twinkle

And who told the stars to twinkle

...................................................

...................................................

...................................................

...................................................

## SCORING INDICATORS

I. a) Rainbow (1 score)

b) Cloudy (1 score)

c) Description

- At least 5 relevant (thematically linked) well structured sentences
- 3 or more relevant (thematically linked) well structured sentences. (3 score)
- 1 or more relevant (thematically linked) well structured sentences

II.a) Nightingale (1 score)

b) Ostrich (1 score)

c) Add more lines (3 score)

Add at least one stanza considering

Thematic grid (1 score)

Structural grid (1 score)

Rhythm (1 score)

# MODEL QUESTION PAPER SET 2

## LSS EXAMINATION - FEBRUARY 2016

### Paper 1 - Part B - English

1.a) Make a meaningful word from the given letters. (1 score)

| | | | | | | | | |
|---|---|---|---|---|---|---|---|---|
| L | T | Y | F | E | B | T | R | U |

b) Write a brief description about 'My class room'. (3 score)

c) Neha decided to put a signboard in her garden. Choose the best option from below

A silence please B Don't pluck flowers

C Don't waste food D Que up (1 score)

2.a) Write the given words in the alphabetical order. (1 score)

prize, price, prince, prayer, proclamation

b) Choose the correct word from the bracket. (1 score)

The boy floats the paperboats ....... the stream. (up, down)

c) Choose a recipe from the list given below. (3 score)

| |
|---|
| Lime juice |
| Fruit salad |
| Payasam |

1. List of the ingredients
2. Write instructions for preparing the recipe.

## SCORING INDICATORS

I. a) Butterfly (1 score)

b) Description (3 scores)

- At least 5 relevant (thematically linked) well structured sentences
- 3 or more relevant (thematically linked) well structured sentences.
- 1 or more relevant (thematically linked) well structured sentences

c) Don't pluck flowers. (1 score)

2.a) prayer, price, prince, prize, proclamation (1 score)

b) down (1 score)

c)

-

-

- (3 scores)

# MODEL QUESTION PAPER SET 3

## LSS EXAMINATION - FEBRUARY 2016

### Paper 1 - Part B - English

1.a) Can you write the name of the bird from the given clues: (1 score)




b) Fill in the blanks with the correct pronoun.

Arun and his friends visited the zoo last week. ......... enjoyed the trip very well. (1 score)

c) Can you describe the picture.



2.a) While returning from the zoo Arun and his friends saw a poster on the road side wall.

*Grand Circus*

April 1 - April 15

**Venue: MUNICIPAL STADIUM, PUNALOOR**

*4 shows daily*

10.am 2.00 pm 4.30 pm and 7.00 pm

Tickets @ Rs. 25, Rs.50 and Rs.100

*Animal shows, Cinematic dance, Fire dance*

Write an announcement based on the poster.

b) Fill in the blanks with suitable letters.

Gi...nt w...ee...

c) Fill the blanks with suitable word.

A butterfly is laying eggs under theleaf. Butterflies are lying eggs under the ......

## SCORING INDICATORS

1. a) Peacock (1 score)

b) They (1 score)

c) Description (3 scores)

- At least 5 relevant (thematically linked) well structured sentences
- 3 or more relevant (thematically linked) well structured sentences.
- 1 or more relevant (thematically linked) well structured sentences

2.a) Announcement

- Relevant to the context
- Keeping the structure and farm.
- Use simple sentences (3 scores)

b) Gi<u>a</u>nt w<u>h</u>ee<u>l</u> (1 score)

c) leaves (1 score)

# മാതൃകാചോദ്യപേപ്പർ SET 1

# LSS EXAMINATION - FEBRUARY 2016

## Paper 1 - Part C - General Knowledge

1. ലോകാരോഗ്യ ദിനം എന്നാണ്?

   A ജൂൺ 5 B സെപ്തംബർ 7

   C ഏപ്രിൽ 7 D ആഗസ്റ്റ് 15

2. 'സന്തോഷ് ട്രോഫി' ഏതു കളിയുമായി ബന്ധപ്പെട്ടിരിക്കുന്നു?

   A ഫുട്ബോൾ B ക്രിക്കറ്റ്

   C ടെന്നീസ് D വോളീബോൾ

3. ഭാരതപ്പുഴയുടെ തീരത്ത് 12 വർഷം കൂടുമ്പോൾ നടത്തി വന്നിരുന്ന ഉത്സവം?

   A പടയണി B മാമാങ്കം

   C വിനായക ചതുർത്ഥി D ശിവരാത്രി

4. 2012 നവംബർ 1-നു തിരൂരിൽ ആരംഭിച്ച സർവകലാശാല?

   A മലയാള സർവ്വകലാശാല B കൊച്ചി സർവ്വകലാശാല

   C സംസ്കൃത സർവ്വകലാശാല D കണ്ണൂർ സർവ്വകലാശാല

5. ഇന്ത്യയുടെ ബഹിരാകാശ തുറമുഖം?

   A തുമ്പ B ശ്രീഹരിക്കോട്ട

   C വിശാഖപട്ടണം D ബാംഗ്ലൂർ

6. ഇന്ത്യൻ കായിക താരങ്ങൾക്കു നൽകുന്ന ഏറ്റവും വലിയ ബഹുമതി?

   A ദ്രോണാചാര്യ B അർജ്ജുന അവാർഡ്

   C ഖേൽ രത്ന D ജി.വി.രാജ

7. ദേശീയ യുവജനദിനമായി ആചരിക്കുന്നത് ആരുടെ ജന്മദിനമാണ്?

   A ഫെബ്രുവരി 28 B ജൂലൈ 7

   C ഒക്ടോബർ 31 D ജനുവരി 12

8. കൃത്രിമമായി പഴങ്ങൾ പഴുപ്പിക്കാൻ ഉപയോഗിക്കുന്ന മാരകമായ രാസവസ്തു ഏത്?

   A നൈട്രിക് ആസിഡ് B കാർബൈഡ്

   C ബെൻസീൻ ക്ലോറൈഡ് D അമോണിയം

9. എൻഡോസൾഫാന്റെ ദുരിത ഫലങ്ങൾ ഏറ്റവും കൂടുതൽ അനുഭവിച്ച ജില്ല.

   A കണ്ണൂർ B കാസർഗോഡ്

   C കോട്ടയം D കൊല്ലം

10. ഏറ്റവും കൂടുതൽ സിനിമകളിൽ നായകവേഷം കെട്ടി ഗിന്നസ്ബുക്കിൽ ഇടം നേടിയ നടൻ?

    A മധു B മമ്മൂട്ടി

    C പ്രേംനസീർ D മോഹൻലാൽ

**ഉത്തരസൂചിക**

1. ഏപ്രിൽ 7
2. ഫുട്ബോൾ
3. മാമാങ്കം
4. മലയാള സർവകലാശാല
5. ശ്രീഹരിക്കോട്ട
6. ഖേൽ രത്ന
7. സ്വാമി വിവേകാനന്ദൻ
8. കാർബൈഡ്
9. കാസർഗോഡ്
10. പ്രേംനസീർ

# മാതൃകാചോദ്യപേപ്പർ

SET 2

# LSS EXAMINATION - FEBRUARY 2016

## Paper 1 - Part C - General Knowledge

1. ലോക ഭൗമദിനം എന്നാണ്?

A മെയ് 2 | B ഏപ്രിൽ 22
C മാർച്ച് 21 | D ജൂൺ 5

2. ഡെങ്കിപ്പനി പരത്തുന്ന കൊതുക്.

A ഈഡിസ് | B അനോഫിലസ്
C ക്യൂലക്സ് | D മാൻസോണിയ

3. ഭാരത രത്ന നേടിയ ആദ്യ സംഗീതജ്ഞ

A ലതാമങ്കേഷ്ക്കർ | B കെ.എസ്.ചിത്ര
C എം.എസ്. സുബ്ബലക്ഷ്മി | D ആശാ ഭോസ്ലെ

4. പക്ഷികളെക്കുറിച്ചുള്ള പഠനശാഖ

A ഓർണിത്തോളജി | B എന്റമോളജി
C ഇക്കോളജി | D ഓഫിയോളജി

5. പ്ലാച്ചിമട സമരത്തിലൂടെ പ്രശസ്തയായ വനിത

A റാബിയ | B മയിലമ്മ
C കമലം | D സി.കെ. ജാനു

6. ഇന്ത്യൻ ഹരിത വിപ്ലവത്തിന്റെ പിതാവ്?

A എം.എസ്. സ്വാമിനാഥൻ | B ആർ. ഹേലി
C ചിദംബരനാഥ് | D കെ.എസ്. രാമകൃഷ്ണൻ

7. കേരളത്തിൽ കർഷകദിനം എന്നാണ്?

A നവംബർ 1 | B ചിങ്ങം 1
C സെപ്തംബർ 5 | D ഒക്ടോബർ 31

8. പ്രസവിക്കുന്ന പാമ്പ് ഏത്?

A രാജവെമ്പാല | B മൂർഖൻ
C അണലി | D ചേര

9. മലബാറിലെ ഔഷധങ്ങളെപ്പറ്റി പ്രതിപാദിക്കുന്ന ഗ്രന്ഥം?

A ഔഷധസസ്യങ്ങൾ
B ഇരപിടിയൻ സസ്യങ്ങൾ
C സസ്യലോകം
D ഹോർത്തൂസ് മലബാറിക്കസ്

10. മഞ്ഞപ്പിത്തം ഏത് അവയവത്തെ ബാധിക്കുന്ന രോഗമാണ്?

A കരൾ
B ഹൃദയം
C ശ്വാസകോശം
D വൻകുടൽ

**ഉത്തരസൂചിക**

1. ഏപ്രിൽ 22
2. ഈഡിസ്
3. എം.എസ്. സുബ്ബലക്ഷ്മി
4. ഓർണിത്തോളജി
5. മയിലമ്മ
6. എം.എസ്. സ്വാമിനാഥൻ
7. ചിങ്ങം 1
8. അണലി
9. ഹോർത്തൂസ് മലബാറിക്കസ്
10. കരൾ

# മാതൃകാചോദ്യപേപ്പർ SET 3

# LSS EXAMINATION - FEBRUARY 2016

## Paper 1 - Part C - General Knowledge

1. ഇന്ത്യയ്ക്ക് ഏറ്റവും കൂടുതൽ കര അതിർത്തിയുള്ളത് ഏത് രാജ്യവുമായിട്ടാണ്?

A ചൈന B പാക്കിസ്ഥാൻ

C നേപ്പാൾ D ബംഗ്ലാദേശ്

2. താഴെ കൊടുത്തവയിൽ തദ്ദേശ സ്ഥാപനങ്ങൾ ഈടാക്കുന്ന നികുതി.

A ആദായനികുതി B വില്പന നികുതി

C തൊഴിൽ നികുതി D വാറ്റു നികുതി

3. ഓസോൺ ദിനം

A ആഗസ്റ്റ് 29 B സെപ്റ്റംബർ 16

C മാർച്ച് 22 D ഡിസംബർ 10

4. വയനാടൻ കാടുകളിൽ ബ്രിട്ടീഷുകാർക്കെതിരെ പോരാടിയ ധീരയോദ്ധാവ്?

A കുഞ്ഞാലി മരയ്ക്കാർ B മാർത്താണ്ഡവർമ്മ

C വേലുത്തമ്പി ദളവ D പഴശ്ശിരാജ

5. ഭൂമിയുടെ അവകാശികൾ എന്ന കൃതിയുടെ കർത്താവാര്?

A എം.റ്റി. വാസുദേവൻ നായർ B വൈക്കം മുഹമ്മദ് ബഷീർ

C കാക്കനാടൻ D ടി. പത്മനാഭൻ

6. കേരള സർക്കാർ കരിമീൻ വർഷമായി ആചരിച്ച വർഷം.

A 2009 B 2011

C 2010 D 2012

7. ക്രിക്കറ്റ് കളി രൂപം കൊണ്ടത് ഏത് രാജ്യത്താണ്?

A ഇംഗ്ലണ്ട് B ആസ്ത്രേലിയ

C ഇന്ത്യ D ശ്രീലങ്ക

8. രക്തത്തിലെ ഹീമോഗ്ലോബിനിൽ അടങ്ങിയിരിക്കുന്ന ലോഹം?

A ചെമ്പ് B ഇരുമ്പ്

C കാത്സ്യം D മഗ്നീഷ്യം

9. കേരളത്തിലെ ആദ്യത്തെ വിദ്യാഭ്യാസ മന്ത്രി?

A കെ. ചന്ദ്രശേഖരൻ B കെ. ആർ. ഗൗരിയമ്മ

C സി. അച്യുതമേനോൻ D ജോസഫ് മുണ്ടശ്ശേരി

10. ഏഴിമല നാവിക അക്കാദമി ഏതു ജില്ലയിൽ സ്ഥിതി ചെയ്യുന്നു?

A പാലക്കാട് B കോഴിക്കോട്

C കണ്ണൂർ D കാസർഗോഡ്

# ഉത്തരസൂചിക

1. ചൈന
2. തൊഴിൽ നികുതി
3. സെപ്റ്റംബർ - 16
4. പഴശ്ശി രാജ
5. വൈക്കം മുഹമ്മദ് ബഷീർ
6. 2010
7. ഇംഗ്ലണ്ട്
8. ഇരുമ്പ്
9. ജോസഫ് മുണ്ടശ്ശേരി
10. കണ്ണൂർ